കെ.എസ്.ഇ.ബി.എൽ-ന്റെ ഔദ്യോഗിക വെബ്സൈറ്റായ WWW.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, ഓൺലൈൻ സംവിധാനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതിബോർഡ് ചെയർമാൻ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം വിളിച്ചു ചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനും വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുവാനുമായി 50,000 കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ ആർ.എ.പി.ഡി.ആർ.പി. പദ്ധതി മുഖേന വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കാൻവേണ്ടി 214.38 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ പാർട്ട്-എ യുടെ ഭാഗമായുള്ള സ്മാർട്ട ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിൽ നടപ്പിലാക്കാൻ വേണ്ടി 83.15 കോടി രൂപയുടെ പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സ്വകാര്യ വൈദ്യുതി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതി

21 (5825) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിഗിരി ജലവൈദ്യുത നിലയത്തിന്റെ തകരാറിന്റെ പേരിൽ സ്വകാര്യ വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ യൂണിറ്റ് ഒന്നിന് എത്ര രൂപ വച്ചാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ വൈദ്യുതി വാങ്ങിയതിന്റെ പേരിൽ പ്രതിദിനം എത്ര യുക അധിക ബാദ്ധ്യതയുണ്ടായി ; പ്രസ്തുത യുക ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കായംകുളം താപവൈദ്യുത നിലയം, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയം എന്നിവിടങ്ങളിൽനിന്നും യൂണിറ്റൊന്നിന് എത്ര രൂപയ്ക്കാണ് വൈദ്യുതി വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര വിഹിതമായി എത്ര വൈദ്യുതി ലഭിക്കുന്നുണ്ട് ; പവ്വർ ട്രേഡർമാരിൽ നിന്നും എത്ര വൈദ്യുതി വാങ്ങുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2015 മേയ് മാസം 4-ാം തീയതി മുതൽ 6-ാം തീയതി വരെ ശബരിഗിരി നിലയത്തിന്റെ പെൻസ്റ്റോക്കിലെ അത്യാവശ്യ അറ്റകുറ്റ പണികൾക്കായി ടി നിലയത്തിലെ ഉൽപ്പാദനം നിർത്തുകയും പ്രസ്തുത സമയത്ത് വൈദ്യുതിയുടെ ആവശ്യകതയ്ക്കനുസരിച്ച് ബി.എസ്.ഇ.എസ്-ൽ നിന്നും 5.215 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിന് ഇന്ധന വിലയായി യൂണിറ്റ് ഒന്നിന് 12.32 രൂപയാണ് നൽകിയത്.

തീയതി	യൂണിറ്റ്	ഇന്ധന വില (രൂപ)
4-5-2015	0.6233 മില്യൺ യൂണിറ്റ്	7679056
5-5-2015	2.4758 "	30501856
6-5-2015	2.1163 "	26072816

താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നതുമൂലമുള്ള അധിക ബാധ്യത നിറവേറ്റുന്നതുമായി ബന്ധപ്പെട്ട് മൂന്നുമാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്യുന്ന തെർമൽ സർചാർജിനായുള്ള അപേക്ഷയിൽ ഈ ചെലവുകൂടി ഉൾപ്പെടുത്തുന്നതാണ്. റഗുലേറ്ററി കമ്മീഷനാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

(സി) കായംകുളം താപ വൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുകയാണെങ്കിൽ ഇപ്പോഴത്തെ ഇന്ധനവില അനുസരിച്ച് യൂണിറ്റ് ഒന്നിന് 8.69 രൂപയാകും. ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം വൈദ്യുതി ബോർഡ് നേരിട്ട് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രവിഹിതമായി 2015 മേയ് മാസത്തിൽ 997.108 മില്യൺ യൂണിറ്റ് വൈദ്യുതി ലഭിച്ചിട്ടുണ്ട്. 2015 മേയ് മാസത്തിൽ പവർ ട്രേഡർമാർവഴി 139.909 മില്യൺ യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

വൈദ്യുതി കടിശ്ശിക ഇന

22 (5826) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ വൈദ്യുതി കടിശ്ശികവരുത്തിയ സ്ഥാപനങ്ങളിൽ 2011-12 മുതൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും എത്ര പേരുടെ കണക്ഷൻ കട്ടുചെയ്തു ; എത്രപേരുടെ കണക്ഷൻ ഏതെല്ലാം സർക്കാർ ഉത്തരവുകൾ പ്രകാരം കട്ടുചെയ്തില്ല ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പത്രമാധ്യമ മേഖലാ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ വൈദ്യുതി കടിശ്ശിക വന്നിട്ടുണ്ട് ; എന്ത നടപടി സ്വീകരിച്ച 2011-12 മുതൽ നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) കടിശ്ശിക വരുത്തിയ ഏതെല്ലാം സ്ഥാപനങ്ങൾ/ഉപഭോക്താക്കളിൽനിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സർക്കാരും/വകുപ്പും എന്തനടപടികൾ സ്വീകരിച്ചുവെന്നും, ഇതിലൂടെ വികുപ്പിനുലഭിച്ച നേട്ടങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ ;

(ഡി) വിവിധ കോടതികളിലായി എത്ര കോടി രൂപയുടെ കടിശ്ശിക കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്നും, ഇവ കൈകാര്യം ചെയ്യാനായി വകുപ്പ് എന്ത നടപടികൾ സ്വീകരിച്ചുവെന്നും 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ചെലവുകൾ വകുപ്പിനുണ്ടായി എന്നും വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കേസ്സുകളിൽ 2011-12 മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ എത്ര രൂപയുടെ സ്റ്റേ അനുവദിച്ചു ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

ആരോഗ്യവകുപ്പിന് കീഴിലുള്ള കിടത്തി ചികിത്സയുള്ള ആശുപത്രികൾ, വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ, പോലീസ് ഡിപ്പാർട്ടുമെന്റ് ഓഫീസുകൾ, കൃഷി ഭവൻമുഖേന പണമടയ്ക്കുന്ന കാർഷിക കണക്ഷനുകൾ, കേന്ദ്രീകൃതരീതിയിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly